**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2293 — 19.06.2013-ൽ മറുപടിയ്ക്ക്

**<u>കൊതുകു ജന്യരോഗങ്ങളെ നിയന്ത്രിക്കുന്നതിന് പദ്ധതി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കൊതുകു ജന്യ രോഗങ്ങളെ നിയന്ത്രിക്കുന്നതിനു വേണ്ടി രോഗവാഹികളായ കൊതുകുകളെക്കുറിച്ച് പഠിക്കുന്നതിനും നിയന്ത്രണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അനുയോജ്യമായ എത്ര ഗവേഷണ സ്ഥാപനങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെയാണ് ; | (എ) & (ബി) കൊതുകു ജന്യ രോഗങ്ങളെ നിയന്ത്രിക്കുന്നതിനും രോഗവാഹികളായ കൊതുകുകളെക്കുറിച്ച് പഠിക്കുന്നതിനും നിയന്ത്രണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഗവേഷണം നടത്തുന്ന സ്ഥാപനങ്ങൾ ഒന്നും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ' (എൻ.സി.ഡി.സി) ന്റെ ശാഖ കോഴിക്കോട്ടും 'വെക്ടർ കൺട്രോൾ റിസർച്ച് സെന്ററിന്റെ' (വി.സി.ആർ.സി) ഒരു ശാഖ കോട്ടയത്തും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ഇതു സംബന്ധിച്ച് ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുണ്ട് ; | |
| (സി) ഏതെല്ലാം കൊതുകു നിവാരണ മാർഗ്ഗങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ? | (സി) ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി (എൻ.വി.ബി.ഡി.സി.പി) യുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് താഴെ പറയുന്ന കൊതുക് നശീകരണ മാർഗ്ഗങ്ങൾ നടപ്പാക്കി വരുന്നു.<br>1. പൂർണ്ണ വളർച്ചയെത്തിയ കൊതുകുകളെ നശിപ്പിക്കുന്നതിനായി വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ഐ.ആർ.എസ്)<br>2. വീടിന് പുറത്ത് കീടനാശിനിപുകയ്ക്കുക (ഫോഗിംഗ്)<br>3. കൂത്താടി നശീകരണത്തിനായി 'ടെമിഫോസ്, ബാസിലസ്, തുറുഞ്ചിയൻസിസ്' എന്നീ കീടനാശിനികൾ ജലാശയങ്ങളിൽ തളിക്കുക.<br>4. വീടിനുള്ളിൽ 'പൈറെത്രം' പോലുള്ള കീടനാശിനി സ്പ്രേ ചെയ്യൽ.<br>5. കൊതുകിന്റെ ഉറവിട നശീകരണത്തിനായി ഡ്രൈഡേ ആചരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ